# കേരള സർവകലാശാല

നം. പി.ആർ.195/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ ഹിസ്റ്ററി: സീറ്റൊഴിവ്

കേരളാ സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഹിസ്റ്ററി പഠന വകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) 2017-18 പ്രോഗ്രാമിൽ എസ്.റ്റി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി സെപ്റ്റംബർ 13-ാം തീയതി (ബുധനാഴ്ച) രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ 0471-2308839, 09446533386 ബന്ധപ്പെടുക.

### എം.എസ്സി ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി) മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി ഓൺലൈൻ രജിസ്ട്രേഷൻ തീയതി നീട്ടി

കേരള സർവകലാശാല അഫീലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പി.ജി ഓൺലൈൻ രജിസ്ട്രേഷൻ നടത്തുവാനുള്ള തീയതി സെപ്തംബർ 16 വരെ നീട്ടിയിരിക്കുന്നു.

### പെർഫോമ സമർപ്പിക്കണം

കേരള സർവകലാശാല റിസർച്ച് പോർട്ടൽ പുതുക്കുന്നതിന്റേയും വിവിധ വിഷയങ്ങളിലെ ഗവേഷണ വിദ്യാർത്ഥികളുടെ നിലവിലുള്ള കഴിവുകൾ കണക്കാക്കുന്നതിന്റെയും ഭാഗമായി സർവകലാശാല അംഗീകരിച്ച സർവ്വീസിലുള്ള/ വിരമിച്ച ഗവേഷണ മാർഗ്ഗദർശികൾ തങ്ങളുടെ ഗവേഷണ മാർഗ്ഗനിർദേശവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകേണ്ടതുണ്ട്. ഇതിലേക്കായി എല്ലാ ഗവേഷണ മാർഗ്ഗനിർദേശകരും (www.research.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള proforma ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് സെപ്തംബർ 18-ാം തീയതിക്ക് മുമ്പായി അതാത് സർവകലാശാല പഠന വകുപ്പ് അദ്ധ്യക്ഷൻമാർ സമക്ഷം സമർപ്പിക്കേണ്ടതാണ്. സർവകലാശാല പഠന വകുപ്പുകൾ നിലവിലില്ലാത്ത വിഷയങ്ങൾക്ക് ബന്ധപ്പെട്ട ഫാക്കൽറ്റി ഡീനുമാർ സമക്ഷം proforma പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

### ബി.എ/ ബി.ബി.എ/ബി.കോം ഫലം

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ/ ബി.ബി.എ/ബി.കോം എൽ.എൽ.ബി ഇന്റഗ്രേറ്റഡ് (പഞ്ചവത്സര) ഡിഗ്രി ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും സെപ്തംബർ 27 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
31.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**